ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കെട്ടിട നികുതി, ആഡംബര നികുതിയിനങ്ങളിൽ വസൂലാക്കിയിട്ടുള്ള തുക ജില്ല തിരിച്ച് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.

(ബി) 2015 ഒക്ടോബർ മാസം വരെ കെട്ടിട നികുതിയിനത്തിൽ 877.38 രൂപ പിരിക്കാനുണ്ട്. 2015 ഒക്ടോബർ മാസം വരെ നിലവിലെ കെട്ടിട നികുതി, ആഡംബര നികുതിയിനങ്ങളിലുള്ള കോടതി, ഗവൺമെന്റ്, അപ്പലേറ്റ് അതോറിറ്റി സ്റ്റേ കേസുകളുടെ എണ്ണം ജില്ലകളിൽനിന്നും ലഭ്യമായത് അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

ഭൂരഹിതർക്ക് ഭൂമി

191 (1271)* ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ എത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള എത്ര കുടുംബങ്ങൾക്ക് ഇനി ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇവർക്ക് ഭൂമി കൈമാറുന്ന പ്രവർത്തനം പൂർത്തിയായി വരുന്നു. ഗുണഭോക്താക്കളുടെ നിലവിലുള്ള പട്ടിക പ്രകാരം 2 വർഷം കുടുംബങ്ങൾക്കുകൂടി ഇനി ഭൂമി നൽകാനുണ്ടെന്നു കാണുന്നു.

ഭൂരഹിതർക്ക് ഭൂമി നൽകൽ

192 (1272) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭൂരഹിതർ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഭാഗക്കാർക്ക് എപ്രകാരം ഭൂമി നൽകുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര പെൻഡിംഗ് മിച്ചഭൂമി ഉണ്ടെന്നാണ് കണക്കാക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) മിച്ചഭൂമി സംബന്ധിച്ച് ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര ശതമാനം അപേക്ഷകൾ പൂർത്തിയായി ; മൊത്തം മിച്ച ഭൂമിയുടെ എത്ര ശതമാനം കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) മിച്ചഭൂമി സംബന്ധിച്ച കേസ്സുകൾ ഹൈക്കോടതി മുഖേന കോമ്പ് പെസ്റ്റ് അർഹതപ്പെട്ട ഭൂരഹിതർക്ക് നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഭൂമിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള ഭൂരഹിതരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അപേക്ഷകൾ സ്വീകരിച്ച്, വിവിധ തലങ്ങളിൽ അന്വേഷണം നടത്തിയതിൽ 2,43,928 ഭൂരഹിത കുടുംബങ്ങളെ അർഹരായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
(1)	(2)
തിരുവനന്തപുരം	35,851
കൊല്ലം	28,591
പത്തനംതിട്ട	6,807
ആലപ്പുഴ	14,163
കോട്ടയം	10,388
ഇടുക്കി	7,970

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
എറണാകുളം	31,379
തൃശ്ശൂർ	26,776
പാലക്കാട്	23,874
മലപ്പുറം	23,962
കോഴിക്കോട്	8,304
വയനാട്	4,546
കണ്ണൂർ	11,099
കാസർഗോഡ്	10,218
ആകെ	2,43,928

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് 3 സെന്റ് ഭൂമി വീതം പതിച്ചുനൽകുന്നു. വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ വിവിധ ഇനം സർക്കാർ ഭൂമികളാണ് പദ്ധതിക്കുവേണ്ടി വിനിയോഗിച്ചുവരുന്നത്.

(സി) വിവിധ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം ഏറ്റെടുത്തതിൽ വിതരണത്തിനായി അവശേഷിക്കുന്ന മിച്ചഭൂമി ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

ജില്ല	വിസ്തൃതി (ഹെക്ടറിൽ)
(1)	(2)
തിരുവനന്തപുരം	4.22
കൊല്ലം	6.51
പത്തനംതിട്ട	0.29
ആലപ്പുഴ	0.39
കോട്ടയം	22.50

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
ഇടുക്കി	26.09
എറണാകുളം	60.69
തൃശ്ശൂർ	30.33
പാലക്കാട്	28.73
മലപ്പുറം	16.03
കോഴിക്കോട്	5.59
വയനാട്	0.27
കണ്ണൂർ	327.35
കാസർഗോഡ്	32.22
ആകെ	561.21

(ഡി) ഈ സർക്കാർ അധികാരമേറ്റ സമയത്ത് 1354 മിച്ചഭൂമി കേസുകൾ വിവിധ ടി.എൽ.ബി.-കളിലായി നിലവിലുണ്ടായിരുന്നു. 241 ടി.എൽ.ബി. കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ തീർപ്പാക്കിയിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം 40444.15 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തതിൽ 1819.35 ഹെക്ടർ കോടതി കേസുകളിൽ ഉൾപ്പെട്ടുവരുന്നുണ്ട്.

(ഇ) ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകളിൽ കാര്യവിവരണ പത്രികയും മറ്റുരേഖകളും യഥാസമയം സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതുവഴി ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകൾ അതിവേഗത്തിൽ തീർപ്പാക്കിക്കൊണ്ട് അപ്രകാരം ലഭിക്കുന്ന മിച്ചഭൂമി, അർഹതപ്പെട്ട ഭൂരഹിതർക്ക് യഥാസമയം പതിച്ചു നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) വിവിധ ഘട്ടങ്ങളായി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എണ്ണം
തിരുവനന്തപുരം	56,935
കൊല്ലം	36,130
പത്തനംതിട്ട	8,674
ആലപ്പുഴ	18,365
കോട്ടയം	11,836
ഇടുക്കി	13,929
എറണാകുളം	46,867
തൃശ്ശൂർ	33,114
പാലക്കാട്	34,266
മലപ്പുറം	27,219
കോഴിക്കോട്	11,645
വയനാട്	7,301
കണ്ണൂർ	24,136
കാസർഗോഡ്	28,621
ആകെ	3,59,038

ഏലമലക്കാടുകൾ

193 (1273) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏലമലക്കാടുകൾ സംരക്ഷിത വനമാണോ; ഇതുസംബന്ധിച്ച് സുപ്രീം കോടതിയുടെയും ഹരിത ട്രൈബ്യൂണലിന്റെയും വിധി എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly